Mathrubhumi 26.11.17

# കർഷകരില്ലാതെയും കൃഷിചെയ്യാം



കർഷകരില്ലാതെ കൃഷി ചെയ്യാനാവുമോ? ശാസ്ത്രോത്സവവേദിയിലെ 'ഓട്ടോ പ്ലാൻറ്' കണ്ടുപിടിത്തം അതിനുള്ള ഉത്തരമാണ്. കണ്ണൂർ മൊകേരി രാജീവ്ഗാന്ധി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികളായ മാനസ് മനോഹറും ശ്രേയ മധുവാണ് 'ഓട്ടോ പ്ലാൻറ്' കണ്ടുപിടിത്തത്തിനുപിന്നിൽ. ലോകത്തിൻെറ ഏതുകോണിലിരുന്നും സ്മാർട്ട് ഫോൺ ഉപയോഗിച്ച് 'ഓട്ടോ പ്ലാൻറ്' സംവിധാനംമുഖേന കൃഷിചെയ്യാമെന്നാണിവരുടെ അവകാശവാദം.

ഔഡിനോ മൈക്രോ കൺട്രോൾ ഉപയോഗിച്ച് ബ്ലിങ്ക് എന്ന ആപ്ലിക്കേഷൻവഴി കൃഷിയിടത്തെ നിയന്ത്രിക്കുന്നതാണ് ഓട്ടോ പ്ലാൻറ്. അന്തരീക്ഷ ഊഷ്മാവ്, കാലാവസ്ഥ, വെള്ളം, സൂര്യപ്രകാശം എന്നിവ ആപ്ലിക്കേഷൻവഴി നിയന്ത്രിച്ച് കൃഷിയിൽ മികവുണ്ടാക്കാം. കൂടാതെ, തുള്ളിനനയും വളവും നൽകാനുമാകും. മാനസ് മനോഹർ പ്ലസ് വൺ വിദ്യാർഥിയും ശ്രേയ മധു പ്ലസ്ടു വിദ്യാർഥിയുമാണ്. ഈ സാങ്കേതികവിദ്യയിലൂടെ കൃഷിയും 'വൈറ്റ് കോളർ' ജോലിയായി മാറുമെന്നിവർ പറയുന്നു.